©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

**രണ്ടാമത് റിപ്പോർട്ട്**

(2023 ഫെബ്രുവരി 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## രണ്ടാമത് റിപ്പോർട്ട്

(2023 ഫെബ്രുവരി 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള റിപ്പോർട്ട്

340/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

## (2021-2023)

അദ്ധ്യക്ഷൻ :

ശ്രീ. പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. വി. ശശി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ.എ.എം. ബഷീർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

# അവതാരിക

പതിമൂന്നാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ട് 2012 ജൂലൈ 11-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേലും നിർദ്ദേശങ്ങളിൻമേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, സാമൂഹ്യനീതി, റവന്യൂ, ജലവിഭവം, പരിസ്ഥിതി, ദുരന്ത നിവാരണം, ശാസ്ത്ര സാങ്കേതികം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 ജനുവരി 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പി.പി. ചിത്തരഞ്ജൻ,**
*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും*
*അനുബന്ധ തൊഴിലാളികളുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 ഫെബ്രുവരി 8.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2011-2014) – യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2011-2014)-യുടെ ഒന്നാമത് റിപ്പോർട്ട് (സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച്) 2012 ജൂലൈ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് 8-1-2013-ൽ മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, സാമൂഹ്യക്ഷേമം, റവന്യൂ, ജലവിഭവം, ആരോഗ്യ കുടുംബക്ഷേമം, പൊതു വിദ്യാഭ്യാസം, ഭക്ഷ്യവും പൊതുവിതരണവും, പാർലമെന്ററികാര്യം എന്നീ വകുപ്പുകൾക്ക് അയയ്ക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ 35 ശിപാർശകളാണ് ഉണ്ടായിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിൻമേൽ മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, സാമൂഹ്യനീതി, റവന്യൂ, ജലവിഭവം, പരിസ്ഥിതി, ദുരന്ത നിവാരണം, ശാസ്ത്ര സാങ്കേതികം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്. ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാമത്തെ അദ്ധ്യായത്തിൽ സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടും രണ്ടാമത്തെ അദ്ധ്യായത്തിൽ സർക്കാരിൽ നിന്ന് നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം-I

സമിതി(2011-2014)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, നടപടി റിപ്പോർട്ട് എന്നിവ ചുവടെ ചേർക്കുന്നു.

ഖണ്ഡിക 3

### ശിപാർശ

സാമ്പത്തികമായും ആരോഗ്യപരമായും വളരെ പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ദാരിദ്ര്യവും പോഷകാഹാരക്കുറവും ശ്രദ്ധേയമാണ്.

യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്ന മാസങ്ങളിൽ സൗജന്യറേഷൻ ലഭിക്കുമ്പോൾ നാടൻ തോണികളിൽ മത്സ്യബന്ധനം നടത്തുന്നവർക്ക് സൗജന്യറേഷൻ ലഭിക്കുന്നില്ല. അതിനാൽ എല്ലാ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും പഞ്ഞമാസങ്ങളിൽ അവർക്ക് സൗജന്യ റേഷൻ വിതരണം ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

(ഭക്ഷ്യ പൊതുവിതരണ വകുപ്പ്, 14-9-17-ലെ 2404/ബി3/13/ഭസിസവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ട്രോളിംഗ് നിരോധന സമയത്തെ സൗജന്യറേഷൻ ടി മേഖലയിലുള്ളവർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാറുണ്ട്. ഫിഷറീസ് & പോർട്സ് ഡിപ്പാർട്ട്മെന്റ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കുമ്പോൾ ടി വിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി സൗജന്യമായി റേഷൻ അനുവദിക്കുന്നുണ്ട്. 25-6-2016-ലെ സ.ഉ. (സാധാ) നം. 366/16/ഭ.സി.സ.വ. പ്രകാരം 47 ദിവസത്തേയ്ക്ക് (ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ) സൗജന്യറേഷൻ അനുവദിച്ചിരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളുടെ കൂട്ടത്തിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി പത്ത് മാർക്ക് വെയിറ്റേജ് നൽകിയിട്ടുണ്ട്. കൂടാതെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ക്ലേശഘടകങ്ങൾ പ്രകാരം ഓരോ കുടുംബത്തിനും അർഹമായ പരിഗണന നൽകിയാണ് മുൻഗണനാ വിഭാഗത്തിലെ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണെന്ന വിവരം സമിതിയെ അറിയിക്കുന്നു. എന്നാൽ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനാണ്.

<u>സ്വീകരിച്ച നടപടി</u>

<u>(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)</u>

കേരള സംസ്ഥാനത്തെ കടലോര മേഖലയിലും ഉൾനാടൻ മേഖലയിലുമായി ജോലിനോക്കുന്ന അനുബന്ധമത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ഏകദേശം 3,02,320 മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരമായി സൗജന്യറേഷൻ അനുവദിക്കുന്നത് സംബന്ധിച്ച ഒരു പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നുവെങ്കിലും ഭക്ഷ്യസുരക്ഷയുടെ ഭാഗമായുള്ള റേഷൻ വിഹിതം ഉള്ളതിനാൽ ഇക്കാര്യം പരിഗണിച്ചിട്ടില്ല.

സ്വീകരിച്ച നടപടി

(തദ്ദേശ സ്വയഭരണ വകുപ്പ്, 9-7-2013-ലെ 9414/ഡിഡി3/13/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

2009-ലെ മേയ്-ജൂൺ മാസങ്ങളിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കരട് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങളും അതിനുള്ള വെയിറ്റേജുകളും 14-1-2011-ലെ സർക്കാർ ഉത്തരവ് (കൈ) നം. 16/2011/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് പരമ്പരാഗത മീൻപിടുത്തക്കാർ, മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ടവർ, മത്സ്യസംസ്കരണ ശാലകളിൽ ജോലി ചെയ്യുന്നവർ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അർഹരായവരെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ഞമാസങ്ങളിൽ സൗജന്യ റേഷൻ വിതരണം ചെയ്യണമെന്ന വിഷയം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ ആവശ്യമായ നടപടി കൈക്കൊണ്ട് സമിതിയെ നേരിട്ട് അറിയിക്കുവാൻ ഹർജിയുടെ പകർപ്പ് പ്രസ്തുത വകുപ്പിന് കൈമാറിയിട്ടുണ്ട്.

ഖണ്ഡിക 4

ശിപാർശ

പ്രകൃതിദുരന്തങ്ങൾക്കിരയാകുന്നവർക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് സഹായം നൽകുവാൻ നടപടിയുണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അത്യാഹിതങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് റവന്യൂ വകുപ്പാണ്. കാലവർഷക്കെടുതിയിലും മറ്റു പ്രകൃതി ദുരന്തങ്ങളിലും സംഭവിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നിലവിൽ മത്സ്യ സുരക്ഷാ പദ്ധതി പ്രകാരം ഇൻഷ്വറൻസ് സഹായം അനുവദിക്കുന്നതാണ്. എല്ലാത്തരം മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

ഖണ്ഡിക 5

ശിപാർശ

വ്യാപകമായ പ്രചാരണം നൽകി ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രേരിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

മത്സ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്കിടയിൽ വ്യാപക പ്രചാരണം നടത്തുകയുണ്ടായെങ്കിലും കൃത്യമായ പ്രതികരണം ഉണ്ടായിട്ടില്ല. മത്സ്യ സുരക്ഷാപദ്ധതി ചെറിയ വള്ളങ്ങൾക്കായി ഇപ്പോഴും മത്സ്യബോർഡ് വഴി നടപ്പാക്കുന്നുണ്ട്. കൂടുതൽ മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാര്യക്ഷമമായ പ്രചാരണം നടത്തുന്നുണ്ട്.

ഖണ്ഡിക 6

<u>ശിപാർശ</u>

എല്ലാത്തരം ഇൻബോർഡ് വള്ളങ്ങൾക്കും അപകടംമൂലം നാശം സംഭവിച്ചാൽ മതിയായ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം സർക്കാരിന്റെ ഭാഗത്തുനിന്ന് നഷ്ടപരിഹാരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഇൻബോർഡ് വള്ളങ്ങൾക്ക് നാശനഷ്ടം സംഭവിച്ചാൽ നഷ്ടപരിഹാരത്തിന് നിലവിൽ പദ്ധതികളില്ല. ഇൻബോർഡ് വള്ളങ്ങളുടെ നിർമ്മാണചെലവ് 40 ലക്ഷത്തിനും 50 ലക്ഷത്തിനുമിടയിലായതിനാൽ ഇൻഷ്വറൻസ് പ്രീമിയം വളരെ കൂടുതലായിരിക്കും എന്നതിനാലാണ് പദ്ധതി നടത്തിപ്പ് സാധ്യമല്ലാതായി വരുന്നത്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

ഇൻബോർഡ് വള്ളങ്ങൾക്ക് നാശനഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാൻ മത്സ്യബന്ധനതുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

<u>അധികവിവരത്തിനുള്ള മറുപടി</u>

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 1-1-21-ലെ ബി3/12569/15/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

2018-19 സാമ്പത്തിക വർഷം മുതൽ പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് മത്സ്യബന്ധനയാനങ്ങൾക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. Modified Traditional Crafts എന്ന വിഭാഗത്തിൽപെടുന്ന ഇൻബോർഡ് വള്ളങ്ങൾ ഉൾപ്പെടെയുള്ളവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിവരുന്നത്. 10 മീറ്റർ മുതൽ 20 മീറ്റർ വരെ നീളമുള്ള യാനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കി വരികയുമാണ്. പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആദ്യ ഘട്ടമായി ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് ഉത്തരവാകുകയും 2019-20 സാമ്പത്തിക വർഷം ഹള്ളിനും എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനും ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം 4 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. നടപ്പുവർഷവും പദ്ധതി നടപ്പിലാക്കുന്നതാണ്.

<u>ഖണ്ഡിക 8</u>

<u>ശിപാർശ</u>

മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് കടൽ രക്ഷാസേനയിൽ മുങ്ങൽ വിദഗ്ദ്ധരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി നിയമിക്കണമെന്നും റഫ് സീസണിൽ അവരുടെ സഹായം തേടണമെന്നും കൂടാതെ മറൈൻ ഇൻഫോഴ്സ്മെന്റിൽ നീന്തൽ അറിയാവുന്നവരെ നിയമിച്ചിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)</u>

ഫിഷറീസ് വകുപ്പിൽ രൂപീകരിച്ചിട്ടുള്ള കടൽ സുരക്ഷാ സേനയിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് കടൽ രക്ഷാപ്രവർത്തനത്തിൽ വിദഗ്ദ്ധപരിശീലനം ഗോവയിലെ National Institute of Water Sports-ൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ആയത് റീ വാലിഡേറ്റ് ചെയ്തിട്ടുമുണ്ട്. നിലവിൽ

പ്രാഗത്ഭ്യം തെളിയിക്കുന്നതിനുള്ള ടെസ്റ്റ് നടത്തി യോഗ്യരാണെന്ന് കണ്ടെത്തിയവരെ മാത്രമാണ് മറൈൻ ഫോഴ്സ്മെന്റിൽ പോലീസ് ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നത്.

ഖണ്ഡിക 9

ശിപാർശ

നാടൻ യാനങ്ങൾക്കും യന്ത്രവൽകൃത ബോട്ടുകൾക്കും അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

സുനാമി അടിയന്തര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നിവ പ്രകാരം 7262 പരമ്പരാഗത യാനയുടമകൾക്ക് ബീക്കൺ, ലൈഫ് ബോയ്, റഡാർ റിഫ്ലക്ടർ, കോമ്പസ്, ഹീലിയോഗ്രാഫ്, ഫിഷിംഗ് കം എമർജൻസി ഫ്ലാഷ് ലൈറ്റ്, വൈറ്റമിൻ ബിസ്കറ്റ് (1 കിലോ) ഫസ്റ്റ് എയ്ഡ് കിറ്റ്, ജാക്ക് നൈഫ്, കന്നാസ് (20 ലിറ്റർ) എന്നിവ ഉൾപ്പെടുന്ന സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന സേഫ്റ്റി ഓഫ് ഫിഷർമെൻ അറ്റ് സീ എന്ന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ബീക്കൺ, എക്കോ സൗണ്ടർ, വാർത്താവിനിമയ ഉപകരണങ്ങൾ, ജി.പി.എസ്. എന്നിവ വിതരണം ചെയ്യുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപടി സ്വീകരിച്ചു വരുന്നു.

സമിതി ആവശ്യപ്പെട്ട അധികവിവരം

നാടൻയാനങ്ങൾക്കും യന്ത്രവൽകൃത ബോട്ടുകൾക്കും അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുന്നതിന് ആവശ്യമായ യന്ത്ര സാമഗ്രികൾ ലഭ്യമാക്കണം.

അധികവിവരത്തിനുള്ള മറുപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 1-1-21-ലെ ബി3/12569/15/മതുവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നിർദ്ദേശപ്രകാരം നാടൻ യാനങ്ങൾക്കും യന്ത്രവൽകൃത

ബോട്ടുകൾക്കും അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുന്നതിന് ഉതകുന്ന ഉപകരണങ്ങളായ നാവിക്, സാറ്റലൈറ്റ് ഫോൺ എന്നിവ നൽകുന്നതിനാവശ്യമായ നടപടികൾ സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. കടലിൽ 1500 കിലോമീറ്റർ വരെ ദൂരത്തിൽ സന്ദേശങ്ങൾ എത്തിക്കാൻ ശേഷിയുള്ള ഉപകരണമാണ് നാവിക്. ഐ.എസ്.ആർ.ഒ.-യുടെ ഉപഗ്രഹാധിഷ്ഠിത സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. വൺവേ കമ്മ്യൂണിക്കേഷൻ സാധ്യമാകുന്ന തരത്തിലാണ് ആദ്യഘട്ടത്തിൽ നാവിക് രൂപകല്പന ചെയ്തിട്ടുള്ളത്. ടൂ വേ കമ്മ്യൂണിക്കേഷൻ സാധ്യമാകുന്ന തരത്തിൽ അതിനെ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇത് യാനത്തിന്റെ പൊസിഷനും അപകട അവസ്ഥയും മനസ്സിലാക്കി രക്ഷാപ്രവർത്തനം നടത്താൻ സഹായിക്കും. കൂടാതെ സാറ്റലൈറ്റ് ഫോൺ ഘട്ടം ഘട്ടമായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>ഖണ്ഡിക 10</u>

<u>ശിപാർശ</u>

ഡിസാസ്റ്റർ റിലീഫിൽ നിന്ന് ഫണ്ട് ലഭിക്കത്തക്കവിധം മറൈൻ ഇൻഫോഴ്സ്മെന്റ് ആൻഡ് സീ റെസ്ക്യൂ എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം നിലവിൽ വരണമെന്നും കടലിൽ പോകുന്ന എൻഫോഴ്സ്മെന്റ് ജീവനക്കാർക്ക് നീന്തൽ അറിഞ്ഞിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 21-6-2013-ലെ 13890/എ 2/12/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഡിസാസ്റ്റർ റിലീഫിൽ നിന്നും ഫണ്ട് ലഭിക്കത്തക്കവിധം മറൈൻ ഇൻഫോഴ്സ്മെന്റ് ആൻഡ് സീ റെസ്ക്യൂ എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം നടപ്പിൽ വരുത്തുന്നതിനും കടലിൽ പോകുന്ന എൻഫോഴ്സ്മെന്റ് ജീവനക്കാർക്ക് നീന്തൽ അറിഞ്ഞിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

<u>ഖണ്ഡിക 13</u>

<u>ശിപാർശ</u>

സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ കൊല്ലം ജില്ലയിൽ അനുവദിച്ച 30 അങ്കണവാടികൾക്ക്, ഓരോന്നിനും മൂന്നുലക്ഷത്തി അൻപതിനായിരം രൂപയായിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ ഹൗസിംഗ് ബോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഓരോന്നിനും രണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരം രൂപ വകയിരുത്തിക്കൊണ്ടാണ്.

അങ്കണവാടി വർക്കർ കൺവീനർ ആയ സമിതി മൂന്നുലക്ഷത്തി അൻപതിനായിരം രൂപ കിട്ടുമെന്ന ധാരണയിൽ മൂന്നെണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. എന്നാൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ രണ്ടു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരം രൂപ മാത്രമാണ് അവർക്ക് ലഭിച്ചത്.

ആയതിനാൽ മറ്റുള്ള അങ്കണവാടി കെട്ടിടങ്ങളുടെ പണി ആരും ഏറ്റെടുക്കാത്ത സ്ഥിതിയിലാണ്. അതിനാൽ സർക്കാർ ഇടപെട്ട് അങ്കണവാടികളുടെ പണി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി(സാമൂഹ്യനീതി വകുപ്പ്)</u>

<u>(23-9-2013-ലെ 2031/ബി1/2013/സാനീവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)</u>

സുനാമി പുനരധിവാസ പദ്ധതി (ടി.ആർ.പി) പ്രകാരം കേരളത്തിലെ 9 സുനാമി ബാധിത ജില്ലകളിൽ 313 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയുണ്ടായി.

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഭരണാനുമതി ലഭിച്ച 313 അങ്കണവാടി കെട്ടിടങ്ങളിൽ 5 എണ്ണത്തിന്റെ ഭരണാനുമതി നിർമ്മാണ പുരോഗതിയില്ലാത്തതിനാൽ പദ്ധതി നടത്തിപ്പിന്റെ തുടക്കത്തിൽതന്നെ റദ്ദു ചെയ്യുകയുണ്ടായി. അവശേഷിച്ച പ്രവർത്തികളിൽ 277 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാവുകയും 31 കെട്ടിടങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെത്തി നിൽക്കുകയും ചെയ്യുന്നു. ഇതിൽ ആറ് കെട്ടിടങ്ങളുടെ പണി ഉടൻ പൂർത്തിയാക്കുന്നതാണ്.

കൊല്ലം ജില്ലയിൽ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച 73 കെട്ടിടങ്ങളിൽ 4 എണ്ണത്തിന്റെ ഭരണാനുമതി റദ്ദു ചെയ്യുകയും 45 കെട്ടിടങ്ങൾ ഇതിനകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിച്ച 24 കെട്ടിടങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു:

| എൽ.എസ്. ജി | പണി പൂർത്തിയാക്കാനുള്ള കെട്ടിടങ്ങളുടെ എണ്ണം | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|
| ആലപ്പാട് ഗ്രാമപഞ്ചായത്ത് | 02 | അവസാന ഘട്ടം -01<br>ലിന്റൽ ലെവൽ -01 |
| കൊല്ലം കോർപ്പറേഷൻ | 22 | ഫൗണ്ടേഷൻ -02<br>ലിന്റൽ ലെവൽ -02<br>റൂഫ് ലെവൽ -17<br>അവസാന ഘട്ടം -01 |

കൊല്ലം ജില്ലയിലേതുൾപ്പെടെ ഇനി പൂർത്തീകരണത്തിന് ബാക്കിയുള്ള നിർമ്മാണ പ്രവർത്തികൾക്കായി ടി.ആർ.പി. പ്രകാരം അനുവദിച്ച ഫണ്ട് തികയാതെ വരികയും മുൻ എസ്റ്റിമേറ്റ് അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാൻ തടസ്സം നേരിടുകയും ചെയ്യുകയുണ്ടായി. കൂടാതെ സുനാമി പുനരധിവാസ പദ്ധതി അവസാനിപ്പിക്കുന്ന ഘട്ടത്തിലായതുകൊണ്ട് അധിക ഫണ്ട് ലഭിക്കുന്നതല്ല. ആയതിനാൽ റേറ്റ് റിവിഷൻ മൂലമോ മറ്റോ അധിക ഫണ്ട് ആവശ്യമായി വരുന്ന പ്രവർത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്/തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് പൂർത്തിയാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയോട് അഭ്യർത്ഥിക്കുകയും 5-6-2013-ൽ ചേർന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനപ്രകാരം സുനാമി പുനരധിവാസ പദ്ധതിയിൽ അനുമതി ലഭിച്ചവയിൽ ഇനിയും പൂർത്തിയാകാത്ത 31 അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അവ റിസ്ക് & കോസ്റ്റൽ ടെർമിനേറ്റ് ചെയ്ത് നിലവിലെ നിരക്കിലുള്ള എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ ചെയ്യാനും, പ്രവർത്തികൾ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട് വിഹിതത്തിൽ അധികരിക്കാതെ നിർമ്മാണം പൂർത്തിയാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

<u>സ്വീകരിച്ച നടപടി</u>

<u>(ദുരന്ത നിവാരണ വകുപ്പ്, 17-7-2019-ലെ TRP-CELL2/4/2017-REV നമ്പർ കത്ത് പ്രകാരം ലഭിച്ചത്)</u>

സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ അങ്കനവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ഖണ്ഡിക 14</u>

സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകളുടെ പ്രധാന പ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. കോളനികളിലേയ്ക്ക് വഴിയും, വെള്ളം, വെളിച്ചം, സാനിട്ടേഷൻ, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ സംവിധാനങ്ങളും ലഭ്യമല്ലെന്ന് സമിതിക്കറിയാൻ കഴിഞ്ഞു. അതുപോലെതന്നെ പല ഫ്ലാറ്റുകളും വയൽ നികത്തിയ ഭൂമിയിൽ നിർമ്മിച്ചിട്ടുള്ളതിനാൽ ഡ്രെയിനേജ് സംവിധാനവും ശരിയായ രീതിയിലല്ല. ആയതിനാൽ സുനാമി പുനരധിവാസ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(ദുരന്ത നിവാരണ വകുപ്പ്, 17-7-2019-ലെ TRP-CELL2/4/2017-REV നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കുടിവെള്ള ക്ഷാമം, ഡ്രയിനേജ് സംവിധാനത്തിലെ പോരായ്മ, സെപ്റ്റിക് ടാങ്ക് കവിഞ്ഞൊഴുകൽ, മഴക്കാലത്തെ വെള്ളക്കെട്ട് എന്നിവയാണ് സുനാമി പുനരധിവാസ കോളനികളിലെ പ്രധാന അപര്യാപ്തതകൾ. 12-2-2019-ലെ സ.ഉ. (സാധാ) നം. 97/2019/ ഡി.എം.ഡി ഉത്തരവിലൂടെ സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്ക് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിച്ചുകൊണ്ടും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിനെ ഏൽപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

സ്വീകരിച്ച നടപടി

ജലവിഭവ (ജലവിതരണ-സി) വകുപ്പ് ,29-3-2017-ലെ 8398/സി1/13/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത് )

സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച കോളനികളിൽ കുടിവെള്ളം ലഭ്യമാക്കാൻ ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

കൊല്ലം ജില്ല

കൊല്ലം ജില്ലയിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം ആലപ്പാട്, കരുനാഗപ്പള്ളി, ക്ലാപ്പന എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുള്ള കോളനികളിൽ TEAP -ൽ ഉൾപ്പെടുത്തി നിർമ്മിച്ച കുടിവെള്ള പദ്ധതി പ്രകാരം ഓച്ചിറ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭിക്കുന്നുണ്ട്. കുലശേഖരപുരം പഞ്ചായത്തിൽ നിലവിലുള്ള നാലു കുഴൽ കിണറുകളിൽ നിന്നും സുഗമമായി കുടിവെള്ള വിതരണം നടത്തുന്നുണ്ട്.

ശക്തികുളങ്ങര ഓം ചേരിൽ പ്രദേശത്ത് നിലവിലുള്ള ആയുർവേദ പമ്പ് ഹൗസിൽ നിന്നും ശാസ്താംകോട്ട തടാകത്തിൽ നിന്നുമുള്ള പമ്പിംഗ് വഴിയും കുടിവെള്ള വിതരണം സുഗമമായി നടക്കുന്നു. ചവറ, പന്മന പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന്റെ ചുമതല അതതു ഗ്രാമപഞ്ചായത്തുകൾക്കാണ്. കൊല്ലം വാടി തീരദേശ മേഖലയിലെ സുനാമി പുനരധിവാസ ഫ്ളാറ്റുകളിലും കോളനികളിലും ദിവസവും ശുദ്ധജല വിതരണം നടത്തി വരുന്നു. കുറ്റിക്കാട് കോളനിയിൽ സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി കുഴൽ കിണർ, 50,000 ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല സംഭരണി പമ്പ് ഹൗസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. മൂർത്തിക്കാവ് കോളനിയിൽ 2013-14 കാലഘട്ടത്തിൽ മൂർത്തിക്കാവ്

കോളനി നിവാസികൾക്കുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഭൂജല വകുപ്പിനെ കൊണ്ടു കുഴൽ കിണർ നിർമ്മിക്കുകയുണ്ടായി. എന്നാൽ വെള്ളത്തിൽ ഉപ്പിന്റെ അളവ് നിയന്ത്രിത അളവിനേക്കാൾ കൂടുതലായതുകൊണ്ട് കുടിവെള്ള പദ്ധതി ഉപയോഗ യോഗ്യമാക്കുവാൻ സാധിച്ചില്ല. അതിനാൽ നിലവിൽ ധവളക്കുഴി കുഴൽ കിണറിൽ നിന്നുള്ള വെള്ളവും ജിക്കയുടെ ടാങ്കിൽ നിന്നുള്ള ശുദ്ധജലവുമാണ് ഇപ്പോൾ ഇവിടെ വിതരണം ചെയ്തു വരുന്നത്. താന്നിമുക്ക് സുനാമി കോളനിയിൽ സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി കുഴൽ കിണർ, പമ്പ് ഹൗസ് 1,00,000 ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല സംഭരണി എന്നിവ പൂർണ്ണമായും പൂർത്തീകരിച്ച് 2011 കാലഘട്ടം മുതൽ ജലവിതരണം നടന്നു വരുന്നു. ഇതിന്റെ പ്രവർത്തനം സുനാമി ഫ്ലാറ്റിലുള്ള നിവാസികളുടെ കർമ്മസമിതിയാണ് നടത്തി വരുന്നത്. കാരിക്കുഴി സുനാമി കോളനിയിൽ സുനാമി പദ്ധതിയുടെ ഭാഗമായി കുഴൽ കിണർ, പമ്പ് ഹൗസ്, 50000 ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല സംഭരണി, പമ്പ്, പമ്പിംഗ് മെയിൻ എന്നിവ പൂർണ്ണമായും നിർമ്മിച്ച് പ്രവർത്തനയോഗ്യമായിട്ടുള്ളതാണ്. ടി കുടിവെള്ള പദ്ധതിയുടെ ജലവിതരണവും കോളനിയിലെ കർമ്മ സമിതിയാണ് നടത്തി വരുന്നത്. പരവൂർ മുനിസിപ്പാലിറ്റിയിലെ പൂങ്കുളം, കല്ലുകുന്നു കോളനികളിലെ ജലവിതരണ പദ്ധതികളുടെ പ്രവർത്തികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു.

## ആലപ്പുഴ ജില്ല

ആലപ്പുഴ ജില്ലയിൽ നിലവിൽ ആര്യാട്, മാരാരിക്കുളം സൗത്ത്, പുന്നപ്ര, അമ്പലപ്പുഴ, പുറക്കാട് എന്നീ പ്രദേശങ്ങളിൽ സുനാമി പുനരധിവാസ പദ്ധതിയിലുള്ള ഭവനങ്ങൾക്കും ഫ്ലാറ്റുകൾക്കും പൊതുടാപ്പുകൾ സ്ഥാപിച്ച് ജലവിതരണം നടത്തി വരുന്നു. ആറാട്ടുപുഴ പഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം പണിത വീടുകളിൽ കുടിവെള്ളമെത്തിക്കുന്നതിനു വേണ്ടി സുനാമി പുനരധിവാസ പദ്ധതി പ്രകാരം മുട്ടത്തുകടവ് പമ്പ് ഹൗസിൽ നിന്നും 1400 മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 12 പൊതു ടാപ്പുകൾ നൽകുകയും ചെയ്തു. വട്ടച്ചാൽ പമ്പ് ഹൗസിന് കിഴക്ക് 800 മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 6 പൊതു ടാപ്പുകൾ നൽകുകയും ചെയ്തു. പുതുശ്ശേരി കോളനിയിൽ 350 മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് 4 പൊതു ടാപ്പുകൾ നൽകിയിട്ടുണ്ട്. കാർഗിൽ കോളനിയിൽ 850 മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുകയും പൊതു ടാപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട് .

## എറണാകുളം ജില്ല

എറണാകുളം ജില്ലയിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം വിവിധ പഞ്ചായത്തുകളിൽ നിർമ്മിച്ചിട്ടുള്ള കോളനികളിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. വൈപ്പിൻ മേഖലയിലെ സുനാമി ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിരുന്ന വടക്കേക്കര, ഉദയംപേരൂർ, കുമ്പളം എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള ശുദ്ധജല വിതരണം

മെച്ചപ്പെടുത്തുന്നതിലേയ്ക്കായി സർക്കാരിന്റെ പുനരധിവാസ പദ്ധതി പ്രകാരം താഴെ വിശദീകരിച്ചിട്ടുള്ളതായ പ്രവൃത്തികൾ പൂർത്തീകരിച്ച് നടപ്പിലാക്കുകയും തദ്വാര പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

1. ഉദയംപേരൂർ പഞ്ചായത്തിലെ മണകുന്നം വില്ലേജിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 24.60 ലക്ഷം രൂപ ചെലവിൽ പൈപ്പുകൾ സ്ഥാപിച്ച് വിതരണ ശൃംഖല മെച്ചപ്പെടുത്തൽ.

2. കുമ്പളം പഞ്ചായത്തിലെ കുമ്പളം വില്ലേജിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 17.95 ലക്ഷം രൂപ ചെലവിൽ പൈപ്പുകൾ സ്ഥാപിച്ച് വിതരണ ശൃംഖല മെച്ചപ്പെടുത്തൽ.

3. എടവനക്കാട് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കേടായ പൈപ്പുകൾ മാറ്റി 33.23 ലക്ഷം രൂപ ചെലവിൽ പുതിയവ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തൽ.

4. സുനാമി ബാധിത പ്രദേശങ്ങളിലൊന്നായ വടക്കേക്കര പഞ്ചായത്തിലേയ്ക്ക് 196.32 ലക്ഷം രൂപ ചെലവിൽ പുതിയ പമ്പ് ഹൗസ്, പമ്പ് സെറ്റുകൾ, അനുബന്ധ പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിച്ച് ജലവിതരണം ലഭ്യമാക്കൽ.

5. എടവനക്കാട് പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് പ്രവൃത്തിയിലൂടെ 27.52 ലക്ഷം രൂപ ചെലവിൽ ടി പഞ്ചായത്തിലെ സുനാമി ബാധിത പ്രദേശങ്ങളിൽ 423 കുടിവെള്ള കണക്ഷൻ കൊടുക്കുന്ന പ്രവൃത്തി.

6. മല്യങ്കര കഞ്ഞിത്തൈ, സത്താർ ഐലന്റ്, ചെട്ടിക്കാട് പ്രദേശങ്ങളിൽ സുനാമി പുനരധിവാസ പ്രകാരം പൈപ്പ് ലൈൻ ഇട്ട് വെള്ളം കൊടുത്തു വരുന്നു.

## തൃശ്ശൂർ ജില്ല

തൃശ്ശൂർ ജില്ലയിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള കോളനികളിൽ ശുദ്ധജല വിതരണത്തിനായി വലപ്പാട്, നാട്ടിക, പെരിഞ്ഞനം, എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തി വരുന്നു. കൂടാതെ കടപ്പുറം തീരദേശത്തേയ്ക്കുള്ള Kerala State Coastal Area Development Corporation ന്റെ പദ്ധതിയും പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നുണ്ട്.

## മലപ്പുറം ജില്ല

മലപ്പുറം ജില്ലയിലെ പുറത്തൂർ പഞ്ചായത്തിലെ സുനാമി പ്ലാന്റേഷൻ പദ്ധതി, നിറമരുതൂർ പഞ്ചായത്തിൽ ഫിഷർമാൻ കോളനിയിൽ പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തി എന്നിവ പൂർത്തിയായി ജലവിതരണം നടത്തി വരുന്നു.

## കണ്ണൂർ ജില്ല

കണ്ണൂർ ജില്ലയിലെ സുനാമി പുനരധിവാസ പ്രകാരം മാടായിലും തലശ്ശേരി തിരുവങ്ങാട്ടും ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ ഭവനങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കാനുള്ള പ്രവൃത്തി പൂർത്തീകരിച്ചു. മാടായി പഞ്ചായത്തിൽ ചൂട്ടാട് നിർമ്മിച്ച ഭവനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് സുനാമി പദ്ധതിയിൽ മെയിൻ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തിവരികയാണ്. തലശ്ശേരി തിരുവങ്ങാട്ടുള്ള താമസക്കാർക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

## കാസർഗോഡ് ജില്ല

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലുള്ള ബീരന്ത് ബയൽ സുനാമി ഫ്ലാറ്റിലേയ്ക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി വരൾച്ചാ ദുരിതാശ്വാസ പദ്ധതി 2013 പ്രകാരം ജില്ലാ കളക്ടർ ഭരണാനുമതി നൽകിയ 5.00 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച് നിലവിലുള്ള ഫ്ലാറ്റുകളിലേക്ക് കുടിവെള്ള കണക്ഷനെടുക്കുവാൻ സൗകര്യപ്രദമായ രീതിയിൽ പൈപ്പ് ലൈൻ നീട്ടി സ്ഥാപിച്ചിട്ടുണ്ട്.

മേൽ ഫ്ലാറ്റ് സമുച്ചയത്തിലെ 102 കുടുംബങ്ങളുടെ കുടിവെള്ള ആവശ്യത്തിനുവേണ്ടി കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ നിക്ഷേപ പദ്ധതിയായി (2014-ലെ) 13 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്വന്തമായി കുടിവെള്ള കണക്ഷൻ ആവശ്യമുള്ളവർക്ക് നിർദ്ദിഷ്ട അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതാണ്.

ഖണ്ഡിക 15

## ശിപാർശ

സുനാമി റീഹാബിലിറ്റേഷനുമായി ബന്ധപ്പെട്ട് ആലപ്പാട് പഞ്ചായത്തിലെ ഏതാനുംപേരെ അഞ്ച് പഞ്ചായത്തുകളിലായി മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും രാത്രികാലങ്ങളിൽ താമസസ്ഥലത്തുനിന്ന് നടന്ന് മത്സ്യബന്ധനത്തിന് പോകുന്നവർക്ക് തെരുവ് നായ്ക്കളുടെ ശല്യം വളരെ കൂടുതലായി അനുഭവപ്പെടുന്നുണ്ടെന്നും മത്സ്യത്തൊഴിലാളികളിൽ നിന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. മത്സ്യബന്ധനത്തിന് പോകുന്നവർക്ക് സൗകര്യമാകുന്ന വിധം ആലപ്പാട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ

ആധുനിക സൗകര്യങ്ങളോടുകൂടിയ ഷെൽട്ടറുകൾ സ്ഥാപിക്കണമെന്നും സുനാമി ബാധിത മേഖലകളിൽ കടൽഭിത്തി നിർമ്മിച്ചും പുലിമുട്ടുകൾ സ്ഥാപിച്ചും മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(ദുരന്ത നിവാരണ വകുപ്പ്, 17-7-2019-ലെ TRP-CELL2/4/2017-REV നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കരുനാഗപ്പള്ളി താലൂക്കിലെ അഴീക്കൽ ഭാഗത്ത് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഫിഷ് ലാൻഡിങ് സെന്ററും വിശ്രമകേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സുനാമി ബാധിത മേഖലകളിൽ പുലിമുട്ടും കടൽഭിത്തിയും സ്ഥാപിച്ചിട്ടുണ്ട്.

സ്വീകരിച്ച നടപടി

(ജലവിഭവ (IR) വകുപ്പ്, 1-4-2014-ലെ 8329/ഐ ആർ2/13/ജവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കൊല്ലം ജില്ലയിലെ ആലപ്പാട്ട് പഞ്ചായത്തിലെ കടലാക്രമണങ്ങൾ അനുഭവപ്പെട്ട സ്ഥലങ്ങളിൽ വകുപ്പുതലത്തിൽ പരിശോധന നടത്തുകയും സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഭരണാനുമതിയും സാമ്പത്തിക അനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുള്ള കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളികളുടെയും പൊതുജനങ്ങളുടേയും അപേക്ഷപ്രകാരം സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത സ്ഥലങ്ങളിൽ കടൽ ഭിത്തിയോ പുലിമുട്ടുകളോ നിർമ്മിച്ച് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതാണ് എന്ന് ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 16

ശിപാർശ

കോസ്റ്റൽ റഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് സഹായകരമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ വിധത്തിൽ നിയമനത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>(ശാസ്ത്ര സാങ്കേതിക വകുപ്പ്, 21-6-2017-ലെ 1450/എ 4/2016/ശാ.സാ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)</u>

തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന പ്രദേശവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വ്യവസ്ഥകളിലെ മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി കേന്ദ്ര ഭൂവിജ്ഞാന മന്ത്രാലയത്തിന്റെ സെക്രട്ടറി ഡോ.ശൈലേഷ് നായിക് അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിക്കുകയും സമിതി തീരദേശ സംസ്ഥാനങ്ങളിൽ തെളിവെടുപ്പ് നടത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡോ.ശൈലേഷ് നായിക് സമിതിയുടെ ശിപാർശകളിൻമേലുള്ള തുടർ നടപടികൾ വേഗം കൈക്കൊള്ളേണ്ടതാണെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>സ്വീകരിച്ച നടപടി</u>

<u>(പരിസ്ഥിതി വകുപ്പ്, 23-9-2020-ലെ ബി3/194/19/പരി. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)</u>

തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം 2011 ലെ നിയന്ത്രണങ്ങൾ കാരണം സാധാരണക്കാരായ തീരദേശവാസികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ഇതു പഠിക്കുന്നതിനും പ്രയാസങ്ങൾ പരിഹരിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ.ഷൈലേഷ് നായിക് അധ്യക്ഷനായി കേന്ദ്ര സർക്കാർ നിയോഗിച്ച സമിതിയുടെ മുമ്പാകെ ഈ പ്രയാസങ്ങൾ യഥാസമയം ധരിപ്പിക്കുകയും സംസ്ഥാനത്തെ തീരദേശത്തെ ജനതയുടെ ഉത്കണ്ഠ ബോധ്യപ്പെടുത്തുകയും ചെയ്തു. സമിതി നൽകിയ ശിപാർശകൾ പരിഗണിച്ചു കൊണ്ട് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം 18-1-2019 ൽ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ വിജ്ഞാപന പ്രകാരം സ്ക്വയർ കിലോമീറ്ററിൽ 2161 ൽ അധികം ആളുകൾ അധിവസിക്കുന്ന CRZ III A മേഖലയിൽ വികസന നിഷിദ്ധ മേഖല എന്നത് വേലിയേറ്റ രേഖയിൽ നിന്നും 200m എന്നത് 50m ആയി കുറച്ചിട്ടുണ്ട്. വേലിയേറ്റ സ്വാധീനമുള്ള കായൽ, തോട്, നദി മേഖലകളിൽ 2011-ൽ വികസന നിഷിദ്ധ മേഖല 100m ആയിരുന്നത് 50m ആയി കുറച്ചിട്ടുണ്ട്. കായൽ ദ്വീപ് പ്രദേശങ്ങളിൽ ഈ മേഖല 2011-ൽ 50 ആയിരുന്നത് ഇപ്പോൾ 20m ആയി കുറച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനമനുസരിച്ചുള്ള കോസ്റ്റൽ സോൺ മാനേജെന്റ്

പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയാൽ മാത്രമേ ഇളവുകൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ കഴിയുകയുള്ളൂ. 18-1-2019 ൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഖണ്ഡിക 17

## ശിപാർശ

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി തീരദേശ മേഖലയിൽ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തിയതിൽ നിന്ന് സുനാമി റീഹാബിലിറ്റേഷൻ പ്രോജക്റ്റ് ഇപ്പോഴും പൂർത്തിയായിട്ടില്ലെന്ന് അറിയാൻ കഴിഞ്ഞു. കൂടാതെ സമിതിയ്ക്ക് ലഭിച്ച വിശദാംശപ്രകാരം വീടുകൾ പലതും പൂർത്തിയാക്കാനുണ്ടെന്നും ലഭ്യമായ കണക്കുകളിൽ ചില പൊരുത്തക്കേടുകൾ ഉണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സുനാമി ദുരന്തം നടന്ന് 7 വർഷമായിട്ടും പുനരധിവാസ പദ്ധതിക്കായി 2006 ജനുവരിയിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

## സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 26-7-2016-ലെ 1635/സി2/13/മ.തു.വ. കത്ത് പ്രകാരം ലഭിച്ചത്)

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ഭവന നിർമ്മാണ പദ്ധതികൾ റവന്യൂ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കിയത്.

## സ്വീകരിച്ച നടപടി

(ദുരന്ത നിവാരണ വകുപ്പ്, 17-7-2019-ലെ TRP-CELL2/4/2017-REV നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ കേരളത്തിലെ 9 തീരദേശ ജില്ലകളിൽ നടപ്പാക്കുന്ന പുനരധിവാസ നിർമ്മാണ പ്രവർത്തനങ്ങൾ അതിന്റെ അന്തിമഘട്ടത്തിലാണ്. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ അനുവദിച്ച എല്ലാ വീടുകളുടെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ ഏതാനും വീടുകളുടെ നിർമ്മാണമാണ് ഇനി പൂർത്തിയാക്കാനുള്ളത്. ആയവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എന്നാൽ, തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ, ചാവക്കാട്

താലൂക്കുകളിലായി 1167 വീടുകൾ പണിയുന്നതിന് അനുമതി ലഭിച്ചെങ്കിലും ഭൂവുടമകളുടെ എതിർപ്പും, നിരന്തരമായ കോടതി കേസുകളും നിമിത്തം 876 വീടുകൾ മാത്രമേ നിർമ്മിക്കാൻ സാധിച്ചുള്ളൂ എന്ന വിവരവും സമിതി മുൻപാകെ ബോധിപ്പിച്ച് കൊള്ളുന്നു.

## ഖണ്ഡിക 18

## ശിപാർശ

തീരദേശ മേഖലയിലെ പ്രധാന പ്രശ്നം കുടിവെള്ളത്തിന്റെ ദൗർലഭ്യവും വിതരണ സംവിധാനത്തിലെ അപാകതയുമാണ്. പല തീരപ്രദേശങ്ങളിലേയും നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം വിലകൊടുത്ത് വാങ്ങേണ്ട സ്ഥിതി നിലനിൽക്കുകയാണ്. എറണാകുളം, ആലപ്പുഴ ജില്ലകളിലെ ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ പ്രോജക്ടിൽ ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയുടെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. തീരദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

(തദ്ദേശ സ്വയംഭരണ വകുപ്പ്)

(28-11-2014-ലെ 9238/എഫ്.എം3/2013/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അവയ്ക്ക് ലഭ്യമായ വികസന ഫണ്ടും മറ്റും ഉപയോഗിച്ച് കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ അവരുടേതായ രീതിയിൽ പ്രാദേശിക ആവശ്യങ്ങൾക്കും സാധ്യതക്കും അനുസരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ജലനിധി, തീരദേശ വികസന കോർപ്പറേഷൻ, എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ മുഖേനയും ഇതിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവയുടെ പൂർത്തീകരണത്തോടെ തീരദേശ പ്രദേശങ്ങളിലെ കുടിവെള്ളത്തിന് ശാശ്വത പരിഹാരം കാണുവാൻ കഴിയും.

## സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 26-7-2016-ലെ 1635/സി2/13/മ.തു.വ. കത്ത് പ്രകാരം ലഭിച്ചത്)

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയും സമഗ്ര തീരദേശവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തീരദേശ മത്സ്യഗ്രാമങ്ങളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ

വഴി നടപ്പിലാക്കി വരുന്നു. വാട്ടർ അതോറിറ്റിയുടെ പദ്ധതി കൂടി ഈ പ്രദേശങ്ങളിൽ നടപ്പിലാക്കിയാൽ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണാനാകും.

<u>സ്വീകരിച്ച നടപടി</u>

<u>(ജലവിഭവ (ജലവിതരണ-സി) വകുപ്പ് ,29-3-2017-ലെ 8398/സി1/13/ജ.വി.വ. നമ്പർ പ്രകാരം ലഭിച്ചത് )</u>

തീര പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റി കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെയും നബാർഡ്, ജിക്ക തുടങ്ങിയ മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും തീരദേശ വികസന കോർപ്പറേഷന്റെയും സഹായത്തോടെ വിവിധ ജല വിതരണ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. ഇതിനായി കേരള വാട്ടർ അതോറിറ്റി വിവിധ ജില്ലകളിൽ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.

<u>തിരുവനന്തപുരം ജില്ല</u>

തിരുവനന്തപുരം ജില്ലയിലെ തീര പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി നിലവിലുള്ള പൈപ്പ് ലൈൻ നെറ്റ് വർക്കിനു പുറമെ പുതിയ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മത്സ്യ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വലിയതുറ, വലിയവേളി തുടങ്ങിയ പ്രദേശങ്ങളിൽ 321 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. വലിയവേളി പദ്ധതി പൂർത്തീകരിച്ചു. വലിയതുറ പദ്ധതി 90% പൂർത്തീകരിച്ചു. അവശേഷിക്കുന്ന 10% പൂർത്തീകരിക്കുന്നതിനായി PWD ടാർകട്ടിങ്ങ് അനുമതി ലഭ്യമായിട്ടില്ല. ടാർകട്ടിങ്ങ് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

അഞ്ചുതെങ്ങ്, ചിറയിൻകീഴ്, വർക്കല, വെട്ടൂർ എന്നീ മത്സ്യത്തൊഴിലാളി വില്ലേജുകളിൽ 30 വർഷത്തോളം പഴക്കമുള്ള വിതരണ പൈപ്പുകളാണ് നിലവിലുള്ളത്. ഈ പൈപ്പുകളിൽ പലതും കാലപ്പഴക്കം കൊണ്ട് ഉപയോഗക്ഷമമല്ലാതായിരിക്കുന്നു. ആയതിനാൽ കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുവാനായി 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അനുയോജ്യമായ ഫണ്ടിങ് ഏജൻസി പരിശോധിച്ചു വരുന്നു.

തുമ്പ, പുതുക്കുറിശ്ശി എന്നീ ഫിഷിങ്ങ് വില്ലേജുകളിൽ പുതിയ പൈപ്പ് ലൈൻ ഇടുന്നതിനായി 329.89 ലക്ഷം രൂപ അനുവദിക്കുകയും ടി പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വെട്ടൂർ മത്സ്യ ഗ്രാമത്തിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ പണിയും പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 55 ലക്ഷം രൂപ ചെലവായി. മാമ്പള്ളി മത്സ്യഗ്രാമത്തിൽ 35 ലക്ഷം രൂപ ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതിയുടെ പണികളും

പൂർത്തികരിച്ചു. ചിലക്കൂർ മത്സ്യഗ്രാമത്തിലെ കുടിവെള്ള പദ്ധതിക്ക് 30-9-2016 ൽ 85 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന തീരദേശമേഖലയിലും പൂവ്വാർ, കരുംകുളം, കോട്ടുകാൽ എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന തീരദേശമേഖലയിലും നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്നും ജലവിതരണം നടത്തി വരുന്നു. വിഴിഞ്ഞം തീരദേശമേഖലയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനു വേണ്ടി പണി പൂർത്തീകരിച്ച 3.35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ നിന്നും ശുദ്ധജലം വിതരണം ചെയ്തു വരുന്നു. പൂവ്വാർ, കരുംകുളം പഞ്ചായത്തുകൾ ഉൾപ്പെടുന്ന തീരദേശ മേഖലകളിൽ കരിച്ചൽ പദ്ധതിയിൽ നിന്നും 0.50 ദശലക്ഷം ശേഷിയുള്ള മൈക്രോഫിൽറ്റർ വഴി ശുദ്ധീകരിച്ച ജലം എല്ലാ ദിവസവും നേരിട്ടുള്ള ലൈൻ പമ്പിങ് മുഖേന നൽകി വരുന്നു.

കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറ തീരദേശമേഖലയിൽ ചൊവ്വര ജലവിതരണ പദ്ധതിയിൽ നിന്നും എല്ലാ ദിവസവും ജലവിതരണം ചെയ്തു വരുന്നു. കുളത്തൂർ പഞ്ചായത്തിലെ തീരദേശമേഖലയിൽ പഞ്ചായത്തിന്റെയും ജലനിധിയുടെയും മേൽനോട്ടത്തിലുള്ള പദ്ധതികളിൽ നിന്നുള്ള കുടിവെള്ളമാണ് വിതരണം ചെയ്യുന്നത്.

<u>കൊല്ലം ജില്ല</u>

കൊല്ലം ജില്ലയിലെ തീരദേശ പഞ്ചായത്തായ നീണ്ടകരയിൽ കൊല്ലം ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ജലവിതരണം നടത്തിവരുന്നു. ആലപ്പാട് പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അമൃതാനന്ദമയി മഠത്തിന്റെ സഹായത്തോടുകൂടി 37.70 ലക്ഷം രൂപ മുടക്കി പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തിവരുന്നു.

<u>കോട്ടയം ജില്ല</u>

കോട്ടയം ജില്ലയിൽ മറവൻതുരുത്ത് പഞ്ചായത്തിൽ കുലശേഖരമംഗലം വില്ലേജിനുവേണ്ടി വെളിയന്നൂർ, തലയാഴം ശുദ്ധജലവിതരണ പദ്ധതികളുടെ ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് 08/2012-ൽ 975 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയുടെ വിതരണശൃംഖലയുടെ പണി പൂർത്തീകരിച്ച് ജലവിതരണം ക്രമമായി നടത്തി വരുന്നു. ടോൾ ജംഗഷനിൽ 4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടേയും, മറവൻതുരുത്തിൽ 2 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടേയും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ പൈപ്പ് ലൈനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് ജലസംഭരണികൾ കമ്മീഷൻ ചെയ്യുന്നതോടെ ജലവിതരണം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. കൂടാതെ നിലവിലുള്ള

ഭരണാനുമതിയിൽപ്പെടുത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിൽ തലയാഴം വില്ലേജിനുവേണ്ടി വെളിയന്നൂർ, തലയാഴം ശുദ്ധജല വിതരണ പദ്ധതികളുടെ പൊതു സ്രോതസ്സായ മേവെള്ളൂരിലെ 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് 08/2012-ൽ 860 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. 6 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടേയും, ജലവിതരണ ശൃംഖലയുടേയും പ്രവർത്തികൾ പൂർത്തീകരിച്ച് ജലവിതരണം കാര്യക്ഷമമായി നടത്തിവരുന്നു.

കോട്ടയം ജില്ലയിൽ വെച്ചൂർ വില്ലേജിനുവേണ്ടി വെളിയന്നൂർ, തലയാഴം ശുദ്ധജല വിതരണ പദ്ധതികളുടെ പൊതു സ്ത്രോതസ്സായ മേവെള്ളൂരിലെ 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 11/2012-ൽ 750 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. വെരുവള്ളിയിൽ 490 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടേയും, ജലവിതരണ ശൃംഖലയുടെയും, ഈ പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണ ശാലയിൽ പമ്പ് ഹൗസ്, ചുറ്റുമതിൽ, ലീഡിംഗ് ചാനൽ, സംരക്ഷണ മതിൽ എന്നിവയുടേയും പ്രവർത്തികൾ പൂർത്തീകരിച്ച് ജലവിതരണം ക്രമമായി നടത്തി വരുന്നു. ജലശുദ്ധീകരണ ശാലയിൽ 180 കുതിര ശക്തിയുള്ള 3 പമ്പ് സെറ്റുകളുടെ പണികൾ പൂർത്തീകരിച്ച് അധിക പവർകണക്ഷനുള്ള അനുമതിക്കുവേണ്ടി KSEB യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നതോടെ ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ നിലവിലുള്ള സാമ്പത്തിക അനുമതിയിൽപ്പെടുത്തി, പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 40.40 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ ചെമ്പ് പഞ്ചായത്തിനുവേണ്ടി വെളിയന്നൂർ, തലയാഴം ശുദ്ധജല വിതരണ പദ്ധതികളുടെ പൊതു സ്രോതസ്സായ മേവെള്ളൂരിലെ 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 08/2012-ൽ 350 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. ബ്രഹ്മമംഗലം, ചെമ്പ്, കാട്ടിക്കുന്ന് എന്നീ മേഖലകളിലേയ്ക്കുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തി വരുന്നു. കൂടാതെ നിലവിലുള്ള സാമ്പത്തിക അനുമതിയിൽപ്പെടുത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിലവിലുള്ള വിതരണ ശൃംഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നു.

വെളിയന്നൂർ, തലയാഴം ശുദ്ധജല വിതരണ പദ്ധതികളുടെ പൊതു സ്രോതസ്സായ മേവെള്ളൂരിലെ 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാലയിലെ ജലം ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കുള്ള ജലസംഭരണിയുടെ നിർമ്മാണത്തിനായി 2013-ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത ജോലിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 225 ലക്ഷം രൂപയാണ് ആവശ്യമായി വരുന്നത്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ വിതരണ ശൃംഖലയ്ക്കുള്ള 650 ലക്ഷം തുക വരുന്ന എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

ഉദയനാപുരം പഞ്ചായത്തിനായുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയ്ക്കായി 800 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തുറവേലികുന്നിൽ നിർമ്മിക്കുന്ന 4.20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയും ജലവിതരണ ശൃംഖലയുടെയും ടെണ്ടർ നടപടികൾക്കായുള്ള വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

<u>എറണാകുളം ജില്ല</u>

എറണാകുളം ജില്ലയിലെ ജിഡ, ഫിഷറീസ് എന്നീ ഡിപ്പാർട്ടുമെന്റുകളുടെ ധനസഹായത്തോടെ 12 കി.മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് എടവനക്കാട് പഞ്ചായത്തിലെ അണിയിൽ എന്ന സ്ഥലത്തു 11.15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിച്ച് എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണം നടത്തി വരുന്നു.

മത്സ്യഗ്രാമം (ICAD) പദ്ധതി പ്രകാരം പള്ളിപ്പുറം, കുമ്പളം, എടവനക്കാട് എന്നീ പഞ്ചായത്തുകളിലും ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ പ്രോജക്ടിൽ ഉൾപ്പെടുത്തി വടക്കേക്കര ഫിഷിംഗ് വില്ലേജിലെയും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉദയംപേരൂർ പഞ്ചായത്തിൽ മത്സ്യഗ്രാമം പദ്ധതി പ്രകാരം 88.93 ലക്ഷത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഏകദേശം 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

എറണാകുളം നഗരത്തിലുൾപ്പെട്ട തീരദേശ വാർഡുകളിൽ ജൻറം പദ്ധതിയിൽപ്പെടുത്തി മൂവാറ്റുപുഴയാറിൽ നിന്ന് വെള്ളം കൊണ്ടു വന്ന് നഗരത്തിൽ വിതരണം ചെയ്തു തുടങ്ങിയതോടെയും കടമക്കുടി പഞ്ചായത്തിൽ നടന്നു വന്ന പദ്ധതികൾ പൂർത്തിയാക്കിയതോടെയും കുടിവെള്ള ക്ഷാമം ഒരു പരിധി വരെ പരിഹരിച്ചിട്ടുണ്ട്. കൂടാതെ സസ്റ്റൈനബിൾ ഫിഷറീസ് വില്ലേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ചെല്ലാനത്തെ വിതരണ ശൃംഖല ശക്തിപ്പെടുത്തുവാനുള്ള 650 ലക്ഷം രൂപയുടെ പദ്ധതി 3 ഘട്ടങ്ങളായി നടപ്പിലാക്കി വരുന്നു. ഇതിൽ കക്കടവ് OH ടാങ്ക് മുതൽ കണ്ണമാലി OH ടാങ്ക് വരെ 450 എംഎം ഡി ഐ കെ 7 പൈപ്പ് സ്ഥാപിക്കുന്ന

ജോലി പൂർത്തീകരിക്കുകയും, ചെല്ലാനം തെക്ക് വശത്തുള്ള പ്രദേശങ്ങളുടെ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി 90 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാം ഘട്ടമായ ചെല്ലാനം പാണ്ടികുടി റോഡിൽ നിന്നും കളത്തറ കായൽ കടന്ന് കുതിരക്കൂർകരിയിലേക്കുള്ള 200 എംഎം എച്ച്ഡിപി പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## തൃശ്ശൂർ ജില്ല

തൃശ്ശൂർ ജില്ലയിലെ തീരദേശങ്ങളിൽ വരുന്ന കൊടുങ്ങല്ലൂർ, മേത്തല, എറിയാട്, എടവിലങ്ങ് എന്നീ പഞ്ചായത്തുകളിൽ ഏറിയാട്, എടവിലങ്ങ് സമഗ്ര ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തി വരുന്നു. തൃശ്ശൂർ ജില്ലയിലെ നാട്ടിക ഫിർക്കയിൽ വരുന്ന മതിലകം, എസ്.എൻ. പുരം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തുരുത്തി, വലപ്പാട്, നാട്ടിക, തളിക്കുളം, വാടാനപ്പിള്ളി, എങ്ങിയൂർ പഞ്ചായത്തുകളിൽ നാട്ടിക ഫിർക്ക് സമഗ്ര ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നുമാണ് ജലവിതരണം നടത്തുന്നത്. വർദ്ധിച്ചുവരുന്ന ശുദ്ധജല ഉപഭോഗം കണക്കിലാക്കി പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അതുവരെ ഇപ്പോൾ നൽകുന്നതുപോലെ ഒന്നിടവിട്ട ദിവസങ്ങളിൽ വാൽവ് ഓപ്പറേഷനിലൂടെ ജലവിതരണം നടത്താനാകും.

## മലപ്പുറം ജില്ല

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജല വിതരണം നടത്തുന്നതിനു വേണ്ടി കെ.എസ്.സി.എ.ഡി.സി മുഖേന പരപ്പനങ്ങാടി വില്ലേജിനു വേണ്ടി 100.00 ലക്ഷം രൂപയുടെ അനുമതിയും ആലുങ്ങൽ ഏരിയ കുടിവെള്ള പദ്ധതിക്കുവേണ്ടി 36.72 ലക്ഷം രൂപയുടെ അനുമതിയും നൽകിയിരുന്നു.

ആയതിൽ പരപ്പനങ്ങാടി വില്ലേജിലേക്കു പൈപ്പ് ലൈൻ നീട്ടുന്ന നിർദ്ദിഷ്ട പ്രവൃത്തിയും, അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആയതുപോലെ ആലുങ്ങൽ ഏരിയ കുടിവെള്ള പദ്ധതിയുടെ 80% പ്രവൃത്തികളും (മെയിൻ ലൈൻ നീട്ടുന്ന പ്രവൃത്തികൾ) പൂർത്തീകരിച്ചു. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ മത്സ്യബന്ധന ഗ്രാമം കുടിവെള്ള പദ്ധതിക്ക് വേണ്ടി 69.55 ലക്ഷം രൂപയുടെ അനുമതി നൽകിയെങ്കിലും സമീപവാസികളുടെ തടസ്സവാദം കാരണം പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല.

മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി. പൊന്നാനി മുനിസിപ്പാലിറ്റിയിലെ കടവനാട് ഭാഗത്തേക്കുള്ള (വാർഡ് 23,24,25) പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി, പൊന്നാനി മുനിസിപ്പാലിറ്റിയിലെ 35 മുതൽ 51 വരെയുള്ള വാർഡുകളിലേക്കും 1, 2 വാർഡുകളിലേക്കും പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി, വെട്ടം പഞ്ചായത്തിലെ പറവണ്ണ മത്സ്യ ഗ്രാമത്തിലേക്കുള്ള ശുദ്ധ ജലവിതരണ പദ്ധതി, താനൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 2.00 കോടി രൂപക്കുള്ള ഒരു പദ്ധതി എന്നിവയും പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു.

## കോഴിക്കോട് ജില്ല

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, വടകര പ്രദേശങ്ങളിലേക്ക് തീരദേശ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ ശുദ്ധജലവിതരണം നടത്തി വരുന്നു. ബേപ്പൂർ, മാറാട് പ്രദേശത്തെ കോർപ്പറേഷൻ വാർഡുകളായ 49,53 എന്നീ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 70 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എലത്തൂർ പഞ്ചായത്തിൽ പെട്ടിരുന്ന നിലവിലെ കോർപ്പറേഷൻ വാർഡുകളായ 1, 2, 75 എന്നീ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 163 ലക്ഷം രൂപയുടെ അനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുകയും റെയിൽവേ ക്രോസിംഗ് പ്രവൃത്തി ഒഴിച്ചുള്ള എല്ലാം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേ ക്രോസിംഗ് പ്രവൃത്തിക്കുള്ള അനുമതി റെയിൽവേയിൽ നിന്നും ലഭിച്ചാൽ ഉടൻ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## കണ്ണൂർ ജില്ല

1. കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽപ്പെട്ട ചാലിൽ ഗോപാൽ പേട്ട പ്രദേശത്തെ മത്സ്യഗ്രാമം പദ്ധതിയിൽ (KSCADC) ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി 2016 മാർച്ച് മാസം പൂർത്തീകരിച്ചു. ഗാർഹിക കണക്ഷനുകൾ വഴി ഈ പ്രദേശത്ത് ശുദ്ധജലവിതരണം നടത്തി വരുന്നുണ്ട്. ഇതിൽ പൊതുടാപ്പുകൾ സ്ഥാപിക്കുവാനുള്ള പ്രവൃത്തി തലശ്ശേരി മുനിസിപ്പാലിറ്റിയുടെ അനുമതി ലഭിച്ചാലുടൻ ചെയ്യുന്നതാണ്.

2. അഴീക്കോട് പഞ്ചായത്തിലെ അഴീക്കോട് മത്സ്യഗ്രാമം വില്ലേജിലേക്ക് KSCADC യിൽ ഉൾപ്പെടുത്തി ശുദ്ധജല വിതരണം ഏർപ്പെടുത്തുന്നതിനായുള്ള 225 ലക്ഷം രൂപയുടെ പ്രവൃത്തി 2016 മാർച്ച് മാസം പൂർത്തീകരിച്ചു. ഈ പ്രവൃത്തിയിൽ ബാക്കി വന്ന 15 ലക്ഷം രൂപക്ക് അഴീക്കോട് മത്സ്യ ഗ്രാമത്തിൽ പഞ്ചായത്ത് നിർദ്ദേശാനുസരണം കൂടുതൽ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള എസ്റ്റിമേറ്റ് KSCADC യുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടിയാലുടൻ പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

3. എടക്കാട് മത്സ്യഗ്രാമം കുടിവെള്ള പദ്ധതിയുടെ 122 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തിക്കുള്ള വർക്ക് ഓർഡർ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കാസർഗോഡ് ജില്ല</u>

കാസർഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരങ്ങൾ താഴെ പറയുന്നു.

1. മഞ്ചേശ്വരം പഞ്ചായത്തിലെ 142.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ബങ്കര മഞ്ചേശ്വരം തീരദേശ കുടിവെള്ള പദ്ധതിയിൽപ്പെട്ട നാല് പ്രവൃത്തികളിൽ (1) പൊയ്യക്കം കുടിവെള്ള പദ്ധതി (2) പാലേപ്പാടി - ശാന്തിനഗർ - മജൽ കുടിവെള്ള പദ്ധതി (3) കടിയാർ ഫിഷർമാൻ കോളനി കുടിവെള്ള പദ്ധതി എന്നിവ പൂർത്തിയായിട്ടുണ്ട്. നാലാമത്തെ പദ്ധതിയായ കണ്വതീർത്ഥകുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. രണ്ട് മാസത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതാണ്.

2. കുമ്പള പഞ്ചായത്തിലെ 162.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഷിറിയ തീരദേശ കുടിവെള്ള പദ്ധതിയിൽപ്പെട്ട മൂന്ന് പ്രവർത്തികളിൽ ബേരിക്ക കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ പദ്ധതിയായ ശിവാജി നഗർ ഫിഷർമെൻ കോളനി പദ്ധതിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

3. ഉദുമ പഞ്ചായത്തിലെ 130.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടിക്കുളം തീരദേശ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ബാക്കിയുള്ള 15.00 ലക്ഷം രൂപ ഉപയോഗപ്പെടുത്തുന്നതിന് എസ്റ്റിമേറ്റ് KSCADC സമർപ്പിച്ചു.

4. വലിയ പറമ്പ് പഞ്ചായത്തിലെ 108.00 ലക്ഷം രൂപയുടെ ഭരണാനുമതി ഒഴിച്ച് വലിയ പറമ്പ് തീരദേശ കുടിവെള്ള പദ്ധതിയിൽ നാല് പദ്ധതികളാണ് ഉള്ളത്. അതിൽ ബീച്ചേരി കടപ്പുറം, ഒരിയരി കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.

<u>ഖണ്ഡിക 20</u>

<u>ശിപാർശ</u>

മത്സ്യത്തൊഴിലാളി കോളനികളിലെ സാനിട്ടേഷനുവേണ്ടി മത്സ്യ ബന്ധന വകുപ്പ് ഓരോ വർഷവും ആവശ്യകതളെക്കുറിച്ച് ചർച്ച നടത്തി ജില്ലകളെ തെരഞ്ഞെടുത്ത് ഫണ്ട് നൽകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സാനിറ്റേഷനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയും 13-ാം ധനകാര്യകമ്മീഷൻ അവാർഡ് തുക ഉപയോഗിച്ചും സാനിട്ടേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പുവരുത്തുന്നതാണ്.

## ഖണ്ഡിക 21

## ശിപാർശ

സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കികൊണ്ട് എല്ലാ ഫിഷ് ലാന്റിംഗ് സെന്ററുകളിലും പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിച്ച് ടോട്ടൽ സാനിറ്റേഷൻ പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

(മത്സ്യബന്ധനതുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുമ്പോൾ പൊതുജനങ്ങൾക്കായി ടോയ്‌ലറ്റുകൾ ഉൾപ്പെടുത്തിയാണ് നിർമ്മാണം പൂർത്തീകരിക്കുന്നത്. ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമാണം പൂർത്തികരിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.

ടോട്ടൽ സാനിറ്റേഷൻ പദ്ധതി ഈ വകുപ്പ് മുഖേനയല്ല നടപ്പാക്കുന്നത്.

## ഖണ്ഡിക 22

## ശിപാർശ

സംസ്ഥാന സർക്കാരിന്റെ ഡ്രീം കേരള പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളി കോളനികളിൽ ഓരോ കുടുംബത്തിനും സിംഗിൾ ടോയ്‌ലറ്റ് യൂണിറ്റിന് 7500 രൂപ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സമിതിക്കറിയാൻ കഴിഞ്ഞു. ആയതിനാൽ ആ പദ്ധതി എത്രയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

വാസയോഗ്യമായ ഭവനങ്ങളുള്ളതും ആവശ്യമായ ടോയിലറ്റ് സൗകര്യമില്ലാത്തതുമായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വ്യക്തിഗത ശൗചാലയങ്ങൾ അനുവദിക്കുന്ന പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഒരു ശൗചാലയത്തിന് 20,000 രൂപ വരെ ധനസഹായം നൽകുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതോടെ തീരദേശ സാനിട്ടേഷൻ സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്താൻ കഴിയും

ഖണ്ഡിക 23

ശിപാർശ

പുതിയ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ പരാതി ഒഴിവാക്കുന്നതിനും പദ്ധതികൾ വിജയകരമാക്കുന്നതിനുമായി ഗുണഭോക്താക്കളുടെ ഒരു വിഹിതം സംഭാവനയായി സ്വീകരിക്കുന്നതിനും, റോഡ് സൗകര്യം ഇല്ലാത്ത കോളനികളിലേയ്ക്ക് നിർമ്മാണ സാമഗ്രികൾ ചുമന്നുകൊണ്ടുപോകേണ്ട സന്ദർഭങ്ങളിൽ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നടപടി റിപ്പോർട്ട്

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

NFWF-മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി കേന്ദ്ര സഹായത്തോടെയാണ് ഫിഷറീസ് വകുപ്പ് വഴി ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കി വരുന്നത്. ഒരു വീടിന് 50,000 രൂപ ധനസഹായം നൽകിയിരുന്നത്, 2 ലക്ഷം രൂപയായി ഉയർത്തി 100% ഗ്രാന്റായി ധനസഹായം നൽകുന്നു. ഇതു കൂടാതെ 13-ാം ധനകാര്യകമ്മീഷന്റെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ വീടൊന്നിന് 2.5 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. ഇതുമൂലം ഒരു പരിധി വരെ പരാതികൾ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.

ഖണ്ഡിക 24

ശിപാർശ

നിബന്ധനകളിൽ ഇളവുവരുത്തി കടങ്ങൾ എഴുതിത്തള്ളുന്നതിന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 19-12-2014-ലെ 12983/ബി1/12/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണ് മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസത്തിന് ശിപാർശ നൽകാൻ കമ്മീഷൻ രൂപീകരിച്ചത്.

പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നിബന്ധനകൾക്ക് വിധേയമായാണ് കമ്മീഷൻ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള ശിപാർശ നൽകിയതും തുടർന്ന് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചതും. ആക്ടിലെ വ്യവസ്ഥകളിൽ പറയുന്ന നിബന്ധനകളിൽ ഇളവ് വരുത്തി കടങ്ങൾ എഴുതിത്തള്ളുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ഖണ്ഡിക 25

ശിപാർശ

വായ്പയുടെ 75% തുകയെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസമായി അനുവദിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 19-12-2014-ലെ 12983/ബി1/12/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

മത്സ്യത്തൊഴിലാളി കടാശ്വാസം അനുവദിക്കുന്നത് റിപ്പോർട്ടിലും മോറട്ടോറിയം ഉത്തരവിലും പറയുന്ന ആവശ്യങ്ങൾക്ക് മാത്രമല്ല 18/2008-ലെ ആക്ട് 5(2)-ലെ എല്ലാവിധ കടങ്ങൾക്കും കടാശ്വാസം ബാധകമാണ്.

ഖണ്ഡിക 26

ശിപാർശ

മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻ കീഴിൽ സഹകരണ ബാങ്കുകളിലേയ്ക്കുള്ള പണം കടാശ്വാസ കമ്മീഷൻ നൽകിയിട്ടുണ്ടെന്നും എന്നാൽ ദേശസാൽകൃത ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കുമുള്ള തുക നൽകാൻ കഴിഞ്ഞിട്ടില്ലെന്നും മനസിലാക്കുന്ന സമിതി ബാങ്കേഴ്സ് കമ്മിറ്റിയുടെ മീറ്റിംഗ് വിളിച്ചുകൂട്ടി പരിഹാരം കാണണമെന്നും നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

<u>(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)</u>

മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ സർക്കാർ മാനദണ്ഡത്തിനനുസരിച്ച് കടാശ്വാസ അർഹത പരിശോധിച്ച് റിപ്പോർട്ട് നൽകുക എന്നതാണ് കമ്മീഷന്റെ ചുമതലയിൽപ്പെട്ടത്. അതിന്മേൽ സർക്കാർ ഉത്തരവനുസരിച്ചാണ് കടാശ്വാസം അനുവദിച്ചു നൽകുന്നത്. സഹകരണ ബാങ്ക്/സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തവരുടെ കടാശ്വാസം ശിപാർശ ചെയ്ത കേസുകളിൽ ഫിഷറീസ് സഹകരണ വകുപ്പുകളാണ് വായ്പ അക്കൗണ്ടുകൾ പരിശോധിച്ച് കടാശ്വാസത്തിനുള്ള തുക അനുവദിച്ചു നൽകുന്നത്. എന്നാൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കടാശ്വാസം ശിപാർശ ചെയ്ത കേസുകളിൽ കടാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശം ആയിട്ടുണ്ട്. ഉത്തമർണ്ണ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം പരസ്പരം ധാരണയിലൂടെ മാത്രമേ പരിഹാരം കാണാൻ കഴിയൂ. ആയതിനാൽ ഇത്തരം ധാരണയിലെത്താൻ എസ്.എൽ.ബി.സി. പ്രതിനിധികളുമായി ചർച്ച നടത്തി ഒന്നാം ഘട്ട റിപ്പോർട്ട് അംഗീകരിച്ച് തുടർനടപടിക്കായി ഫിഷറീസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കടാശ്വാസം ശിപാർശ ചെയ്ത കേസുകളിൽ കടാശ്വാസം അനുവദിച്ച നടപടിക്രമം സംബന്ധിച്ച വിശദമായ റിപ്പോർട്ട് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

<u>അധികവിവരത്തിന്മേലുള്ള നടപടി റിപ്പോർട്ട്</u>

<u>(മത്സ്യബന്ധന തുറമുഖ വകുപ്പ്, 1-1-2021-ലെ ബി3/12569/15/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)</u>

ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കടാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച് SLBC-യുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം ശിപാർശ ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ വിവിധ ജില്ലകളിൽ ബാങ്ക് പ്രതിനിധികളുമായി സംയുക്ത അദാലത്ത് നടത്തി കടാശ്വാസം ശിപാർശ ചെയ്തു വരികയാണ്. മുതലിനത്തിൽ 75,000 രൂപയിൽ കവിയാതെയും പലിശ തുകയുടെ 25% തുകയും കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത് സർക്കാരിലേക്ക്

സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. അപ്രകാരം 16 ഘട്ടങ്ങളിലായി അദാലത്ത് പട്ടികകൾ സമർപ്പിച്ചതിൽ നാളിതുവരെ 12-ാം ഘട്ടം വരെയുള്ള പട്ടികകൾ അംഗീകരിച്ച് തുകകൾ ബാങ്കുകളിലേക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

ഖണ്ഡിക 27

ശിപാർശ

മത്സ്യത്തൊഴിലാളികൾക്ക് ലോൺ നൽകണമെങ്കിൽ സാലറി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് വ്യവസ്ഥ നിർബന്ധമാക്കിയാൽ ആരും അത് നൽകുവാൻ തയ്യാറാകില്ല. അതിനാൽ ആ വ്യവസ്ഥ ഇളവ് ചെയ്യണമെന്നും മത്സ്യഫെഡിൽ നിന്ന് ലോൺ ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം ഹാജരാക്കുന്ന ആധാരങ്ങൾ തിരികെ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 2-3-2016-ലെ 14646/ബി1/10/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മത്സ്യഫെഡ് പ്രാഥമിക മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴിയാണ് മത്സ്യത്തൊഴിലാളികൾക്ക് വായ്പ വിതരണം ചെയ്യുന്നത്.

ചുവടെ കൊടുക്കുന്ന പദ്ധതികൾ വഴി മത്സ്യത്തൊഴിലാളികൾക്ക് വായ്പ വിതരണം ചെയ്തുവരുന്നു.

1. NCDC ധനസഹായത്തോട് കൂടിയുള്ള മത്സ്യബന്ധന ഉപകരണ വായ്പകൾ, മത്സ്യവിപണനത്തിനുള്ള വായ്പകൾ എന്നിവ.

2. NBCFDC, NMDFC എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള ടേം വായ്പകൾ, മൈക്രോഫിനാൻസ് വായ്പകൾ.

3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ. മേൽപ്പറഞ്ഞ വായ്പാ പദ്ധതികളിൽ NCDC ധനസഹായത്തോടുകൂടിയുള്ള മത്സ്യബന്ധന ഉപകരണങ്ങൾക്ക് 25 ലക്ഷം രൂപ വരെ മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് യാതൊരു ഈടും വാങ്ങാതെയാണ് വിതരണം ചെയ്തുവരുന്നത്.

കൂടാതെ NBCFDC, NMDFC ധനസഹായത്തോടുകൂടിയുള്ള മൈക്രോ ഫിനാൻസ് വായ്പകൾ സ്വയം സഹായ ഗ്രൂപ്പുകൾക്ക് ഗ്രേഡിംഗിന്റെ മാത്രം അടിസ്ഥാനത്തിൽ പരമാവധി 5 ലക്ഷം രൂപ വരെ ഈടില്ലാതെയാണ് വിതരണം ചെയ്തുവരുന്നത്.

പലിശരഹിത വായ്പ വ്യക്തികൾക്ക് 20,000 രൂപ വരെ ഈടില്ലാതെയാണ് വിതരണം ചെയ്തിരുന്നത്. NBCFDC, NMDFC ധനസഹായത്തോടുകൂടിയുള്ള ടേം വായ്പകൾ വ്യക്തികൾക്ക് ഗ്രൂപ്പടിസ്ഥാനത്തിലും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾക്കായി വിതരണം ചെയ്തു വരുന്നു. വ്യക്തികൾക്ക് പരമാവധി 3 ലക്ഷം രൂപ വരെ വിതരണം ചെയ്യുന്ന ഇത്തരം ടേം വായ്പകൾക്ക് മാത്രമാണ് ഈടായി ശമ്പള സർട്ടിഫിക്കറ്റ്, ആധാരങ്ങൾ എന്നിവ സ്വീകരിക്കുന്നത്.

NBCFDC, NMDFC എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയോടുകൂടിയാണ് മത്സ്യഫെഡിന് നേരിട്ട് വായ്പ അനുവദിച്ച് തരുന്നത്. ത്രൈ മാസ ഗഡുക്കളായി ഈ വായ്പകൾ കൃത്യമായി മത്സ്യഫെഡ് NBCFDC, NMDFC എന്നീ ഏജൻസികൾക്ക് തിരിച്ചടക്കേണ്ടതുണ്ട്. തിരിച്ചടവ് കൃത്യമായി നടത്താത്ത പക്ഷം ഈ ഏജൻസികളുടെ വായ്പകൾ ലഭിക്കാതെ വരികയും സർക്കാർ ഗ്യാരന്റി ലഭിക്കാതെ വരികയും ചെയ്യുന്ന സാഹചര്യം സംജാതമാകും. ടേം വായ്പകളുടെ കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് വ്യക്തികളിൽ നിന്നും ഈട് സ്വീകരിച്ചുവരുന്നത്.

മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന വായ്പയുടെ 94%-വും ഈട് വാങ്ങാതെയാണ് വിതരണം ചെയ്യുന്നതെന്ന വസ്തുതയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഖണ്ഡിക 28

ശിപാർശ

കക്കാത്തൊഴിലാളികളെക്കൂടി അനുബന്ധ തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

കക്കാത്തൊഴിലാളികളെ അനുബന്ധ തൊഴിലാളികളായി ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ഖണ്ഡിക 29

ശിപാർശ

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനത്തിനായി മത്സ്യ ബന്ധന വകുപ്പിനു കീഴിൽ ഫിഷറീസ് സ്കൂളുകളും ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റി കോർപ്പറേഷൻ പ്രദേശങ്ങളിലെ സ്കൂളുകളുടെ കാര്യം ജില്ലാ പഞ്ചായത്തുകൾ പരിഗണിക്കുന്നില്ല. അതിനാൽ ടി സ്കൂളുകളുടെ മേൽനോട്ട ചുമതല അതത് പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

ഖണ്ഡിക 30

ശിപാർശ

ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ശോചനീയമാണെന്ന് സമിതി മനസ്സിലാക്കുന്നു. വാർഷിക അറ്റകുറ്റപ്പണികൾക്കും കുട്ടികളുടെ മെസ്സിനായും നൽകുന്ന തുക മാത്രമാണ് സ്കൂളുകൾക്ക് ലഭിക്കുന്നതെന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളുകളുടെ പ്രവർത്തനത്തിനായി നിശ്ചിത തുക നിക്ഷേപിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

(തദ്ദേശസ്വയംഭരണ വകുപ്പ്)

(28-11-2014-ലെ 9238/എഫ്.എം3/2013/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫിഷറീസ് വകുപ്പ് വിട്ടുനൽകുകയാണെങ്കിൽ മറ്റു പൊതുവിദ്യാലയങ്ങളിലെ എന്നപോലെ അവിടങ്ങളിലെ ഭൗതിക സൗകര്യ വികസനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗത്തിന് കഴിയുന്നതാണ്.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അറ്റകുറ്റപ്പണികളും മറ്റു ചെലവുകളും ഇപ്പോൾ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വഹിച്ചുവരുന്നത്.

ഖണ്ഡിക 32

ശിപാർശ

ഫിഷറീസ് സ്കൂളുകൾ റസിഡൻഷ്യൽ സ്കൂളുകളായതിനാൽ കുട്ടികളുടെ ലഭ്യതക്കുറവുണ്ട്. വീട് വിട്ട് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കാൻ കുട്ടികൾ തയ്യാറാകുന്നില്ല. കൂടാതെ സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികൾക്ക് ടി. സി. നൽകേണ്ടതായി വരുമ്പോൾ 8, 9 ക്ലാസ്സുകളിലെ മെസ്സ് അലവൻസ് തിരികെ അടയ്ക്കണമെന്നാണ് വ്യവസ്ഥ. ഇത് പ്രായോഗികമല്ല. പല ഫിഷറീസ് സ്കൂളുകളിലെയും റഡിഡൻഷ്യൽ സമ്പ്രദായത്തോട് കുട്ടികൾക്കും രക്ഷിതാക്കൾക്കും താല്പര്യമില്ല. ആയതിനാൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്. ഫിഷറീസ് സ്കൂളുകളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും അഡ്മിറ്റ് ചെയ്യുന്നതിനുമായി റസിഡൻഷ്യൽ സമ്പ്രദായം ഓപ്ഷണൽ ആക്കണമെന്നും ഡേസ്കോളർ സ്കീം കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

റസിഡൻഷ്യൽ സമ്പ്രദായം മാറ്റി ഡേസ്കോളർ സമ്പ്രദായം ആക്കണമെന്ന നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

ഖണ്ഡിക 33

ശിപാർശ

ഫിഷറീസ് സ്കൂളുകളിൽ തീരപ്രദേശങ്ങളിലെ വെള്ളമാണ് ഉപയോഗിക്കുന്നതെന്നതിനാൽ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും കുടിവെള്ളം ഫിൽട്ടർ ചെയ്ത് ഉപയോഗിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(തദ്ദേശസ്വയംഭരണ വകുപ്പ് )

(28-11-2014-ലെ 9238/എഫ്.എം3/2013/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫിഷറീസ് വകുപ്പ് വിട്ടു നൽകുകയാണെങ്കിൽ മറ്റു പൊതുവിദ്യാലയങ്ങളിലെ എന്ന പോലെ അവിടങ്ങളിലെ ഭൗതിക സൗകര്യ വികസനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗത്തിന് കഴിയുന്നതാണ്.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കേരളത്തിലെ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും നവീകരിക്കുന്നതിന് 13-ാം ധനകാര്യകമ്മീഷൻ ധനസഹായമുപയോഗിച്ച് 40 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14 വർഷത്തിൽ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ വഴി പദ്ധതി നടപ്പിലാക്കുകയും ഇതു പ്രകാരം കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

സ്വീകരിച്ച നടപടി

(ജലവിഭവ വകുപ്പ്, 29-3-2017-ലെ 8398/സി1/13/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത് )

തീരപ്രദേശങ്ങളിലെ ചില സ്കൂളുകളിൽ ജലമണി പദ്ധതിയിൽ ഉൾപ്പെടുത്തി ഫിൽറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതി നിലവിലുള്ള പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളിൽ പ്രസ്തുത ശുദ്ധജല വിതരണ പദ്ധതികളിൽ നിന്നുള്ള ജലമാണ് വിതരണം ചെയ്യുന്നത്. തീരദേശത്തിലെ സ്കൂളുകളിൽ കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്.

ഖണ്ഡിക 34

ശിപാർശ

ഫിഷറീസ് സ്കൂളുകളിലെ കുട്ടികളുടെ നിലവിലുള്ള മെസ്സ് അലവൻസ് വളരെ കുറവാണ്. പ്രസ്തുത അലവൻസ് ഉപയോഗിച്ച് കുട്ടികൾക്ക് ആവശ്യാനുസരണം ഭക്ഷണമോ പോഷകാഹാരമോ നൽകാൻ കഴിയുന്നില്ല. ആയതിനാൽ കുട്ടികൾക്ക് മതിയായ

ഭക്ഷണവും പോഷകാഹാരങ്ങളും നൽകാൻ കഴിയുന്ന തരത്തിൽ മെസ്സ് അലവൻസ് വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം ഉന്നതവിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കത്തക്കവിധം സർക്കാർ തലത്തിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മെസ്സ് അലവൻസ് പ്രതിമാസം ഒരു കുട്ടിക്ക് 1500 രൂപയാണ്. കൂടാതെ ഇപ്പോൾ നൽകി വരുന്ന 1500 രൂപയിൽ നിന്നുമാണ് മെസ്സ് സംബന്ധമായ എല്ലാ ചെലവുകളും നിർവ്വഹിക്കുന്നത്. ഇത് മാറ്റി മെസ്സ് അലവൻസിനായി അനുവദിക്കുന്ന തുക ഭക്ഷണ സാമഗ്രികളുടെ ചെലവിനായി മാത്രം വിനിയോഗിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് വകുപ്പും പാല ബ്രില്യൻസ് സ്റ്റഡി സെന്ററുമായി ചേർന്ന് 50 വിദ്യാർത്ഥികൾക്ക് സൗജന്യമായി മെഡിക്കൽ എൻട്രൻസ് പരിശീലനം 2015-16 സാമ്പത്തിക വർഷം മുതൽ നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഖണ്ഡിക 35

ശിപാർശ

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യമായി സംസ്ഥാന സർക്കാർ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 6 കോടി രൂപ പര്യാപ്തമല്ലെന്ന് ഉദ്യോഗസ്ഥരിൽ നിന്ന് സമിതിയ്ക്ക് അറിയാൻ കഴിഞ്ഞു. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടിയുണ്ടാകണമെന്നും ഈ ആവശ്യത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് ശിപാർശ ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ്, 26-7-2016-ലെ 1635/സി2/13/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 2015-16 വർഷത്തിൽ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

ഖണ്ഡിക 36

ശിപാർശ

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി ക്ഷേമനിധി ബോർഡ് നൽകുന്ന 1200 രൂപ പര്യാപ്തമല്ലെന്നതിനാൽ പ്രസ്തുത ആവശ്യത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നിലവിലുള്ള 1500 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിച്ച് 20/11/2014-ലെ സ.ഉ.(സാധാ) 1002/14/മതുവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഖണ്ഡിക 37

ശിപാർശ

മത്സ്യത്തൊഴിലാളി മേഖലയിൽ പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും അവരുടെ ആരോഗ്യ പരിരക്ഷയ്ക്കായി സഞ്ചരിക്കുന്ന ആശുപത്രികളുടെ സേവനം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, 31-3-2014-ലെ 6842/എഫ്.ഡബ്ല്യു2/2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ പകർച്ചവ്യാധി വ്യാപനം തടയുന്നതിനുള്ള വ്യക്തി ശുചിത്വം, പരിസര ശുചിത്വം തുടങ്ങിയവയിൽ ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പ് നടത്തി വരുന്നുണ്ട്. മഴക്കാല പൂർവ്വ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വർഷവും ഈ മേഖലയിൽ പ്രത്യേകമായി പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, തിളപ്പിച്ചാറിയ വെള്ളം കുടിക്കാനുള്ള ബോധവൽക്കരണം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നുണ്ട്. ഈ പ്രദേശങ്ങളിലെ ആരോഗ്യ പരിരക്ഷയ്ക്കായി അവശ്യ സന്ദർഭങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താറുമുണ്ട്.

## ഖണ്ഡിക 38

### ശിപാർശ

കൊല്ലം ജില്ലയിലെ അഴീക്കലേയും ആലപ്പാട്ടേയും ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്ന് ഡി.എം.ഒ.-യിൽ നിന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. അതിനാൽ അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

(ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, 31-8-2018-ലെ 6831/എം1/2013/ആ.കു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളെ ഘട്ടംഘട്ടമായി തെരഞ്ഞെടുത്ത് ഇവിടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുവാനാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ആർദ്രം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അഴീക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തെയും ആലപ്പാട് സാമൂഹ്യാരോഗ്യ കേന്ദ്രത്തെയും കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ ആവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## ഖണ്ഡിക 39

### ശിപാർശ

മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഏറ്റവും ദുഃഖകരമായ കാര്യം അവരുടെ മൃതദേഹം മറവുചെയ്യാൻ സ്ഥലമില്ലെന്നതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ കടൽത്തീരമാണ് ഇതിനായി ഉപയോഗിക്കുന്നത്. ഈ സ്ഥിതി മാറേണ്ടതുണ്ട്. അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മത്സ്യത്തൊഴിലാളികൾക്കായി പൊതുശ്മശാനം സജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

(മത്സ്യബന്ധന തുറമുഖ വകുപ്പ് , 19-12-2014-ലെ 12983/ബി1/12/മതുവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

പൊതു ശ്മശാനം സ്ഥാപിക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

## അദ്ധ്യായം - II

### തുടർശിപാർശ

7, 19 എന്നീ ഖണ്ഡികകളിൻമേൽ മത്സ്യബന്ധന വകുപ്പും 20, 21, 23, 29, 31, 39 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പും സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.

### ഖണ്ഡിക 7

### ശിപാർശ

ഇടിമിന്നൽ, ഷോർട്ട് സർക്യൂട്ട് തുടങ്ങിയ കാരണങ്ങളാൽ മത്സ്യത്തൊഴിലാളികളുടെ വീടുകൾ തീ പിടിച്ച് നശിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥ പ്രകാരം തീപിടിത്തം മൂലമുണ്ടാകുന്ന അത്യാഹിതം പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ തീപിടിത്തം മൂലം വീടുകൾക്ക് നാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### ഖണ്ഡിക 19

### ശിപാർശ

മത്സ്യവിപണനം നടത്തുന്ന സ്ത്രീകൾക്ക് വിപണന സ്ഥലത്ത് മത്സ്യം എത്തിക്കുന്നതിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നിന്ന് അവർക്ക് പ്രത്യേകമായി വാഹന സൗകര്യം ഏർപ്പെടുത്തണമെന്നും സ്ത്രീകൾ കച്ചവടത്തിന് പോകുന്ന സമയത്ത് അവരുടെ കുട്ടികളെ സുരക്ഷിതരായി പാർപ്പിക്കുന്നതിന് ഡേ കെയർ സെന്ററുകൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക 20

### ശിപാർശ

മത്സ്യത്തൊഴിലാളി കോളനികളിലെ സാനിട്ടേഷനുവേണ്ടി മത്സ്യ ബന്ധന വകുപ്പ് ഓരോ വർഷവും ആവശ്യകതകളെക്കുറിച്ച് ചർച്ച നടത്തി ജില്ലകളെ തെരഞ്ഞെടുത്ത് ഫണ്ട് നൽകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സാനിറ്റേഷനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 21

ശിപാർശ

സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കികൊണ്ട് എല്ലാ ഫിഷ് ലാന്റിംഗ് സെന്ററുകളിലും പബ്ലിക് ടോയ്‌ലെറ്റുകൾ നിർമ്മിച്ച് ടോട്ടൽ സാനിറ്റേഷൻ പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 23

ശിപാർശ

പുതിയ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ പരാതി ഒഴിവാക്കുന്നതിനും പദ്ധതികൾ വിജയകരമാക്കുന്നതിനുമായി ഗുണഭോക്താക്കളുടെ ഒരു വിഹിതം സംഭാവനയായി സ്വീകരിക്കുന്നതിനും, റോഡ് സൗകര്യം ഇല്ലാത്ത കോളനികളിലേയ്ക്ക് നിർമ്മാണ സാമഗ്രികൾ ചുമന്നുകൊണ്ടുപോകേണ്ട സന്ദർഭങ്ങളിൽ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 29

ശിപാർശ

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനത്തിനായി മത്സ്യ ബന്ധന വകുപ്പിനു കീഴിൽ ഫിഷറീസ് സ്കൂളുകളും ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിലെ സ്കൂളുകളുടെ കാര്യം ജില്ലാ പഞ്ചായത്തുകൾ പരിഗണിക്കുന്നില്ല. അതിനാൽ ടി സ്കൂളുകളുടെ മേൽനോട്ട ചുമതല അതത് പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 31

ശിപാർശ

നിലവിലുള്ള അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്ട്രെങ്ങ്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടി സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, ലൈബ്രറികൾ എന്നിവ സജ്ജീകരിക്കണമെന്നും ടോയ്‌ലെറ്റ് സൗകര്യം നിർബന്ധമായും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക 39

### ശിപാർശ

മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഏറ്റവും ദുഃഖകരമായ കാര്യം അവരുടെ മൃതദേഹം മറവുചെയ്യാൻ സ്ഥലമില്ലെന്നതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ കടൽത്തീരമാണ് ഇതിനായി ഉപയോഗിക്കുന്നത്. ഈ സ്ഥിതി മാറേണ്ടതുണ്ട്. അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മത്സ്യത്തൊഴിലാളികൾക്കായി പൊതുശ്മശാനം സജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പി.പി. ചിത്തരഞ്ജൻ,**
*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും*
*അനുബന്ധ തൊഴിലാളികളുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 ഫെബ്രുവരി 8.